നൽകുക തുടങ്ങിയവയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിൽ പ്രമേഹരോഗത്തെ സംബന്ധിച്ചുള്ള വിവിധതരത്തിലുള്ള പ്രതിരോധ ചികിത്സാ പരിപാടികളും ഗവേഷണ പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു. വിവിധതരത്തിലുള്ള ബോധവൽക്കരണ പരിപാടികൾക്കു പുറമേ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറി പരിസരത്തുള്ള സിറ്റി സെന്ററിൽ പ്രമേഹരോഗികളുടെ പരിശോധന, വിവിധ ലബോറട്ടറി പരിശോധനകൾ എന്നിവ നടന്നുവരുന്നു. അടുത്ത കാലത്തായി പ്രമേഹ പ്രതിരോധ ക്ലിനിക് ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ഡയറ്റ് കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങളും നേത്ര പരിശോധനയും നടത്തിവരുന്നു. അസ്ഥി, പേശി സംബന്ധമായ ക്ലിനിക്, നെഫ്രോളജി ക്ലിനിക് എന്നിവ ഉടൻ ആരംഭിക്കുന്നുണ്ട്. ഇതു കൂടാതെ വിവിധ ബോധവൽക്കരണ പരിപാടികളും നടന്നുവരുന്നു. യൂറോപ്യൻ കമ്മീഷന്റെ സെക്ടർ ഇൻവെസ്റ്റ്മെന്റ് പദ്ധതിയുടെ ഭാഗമായി 'ഗർഭകാലത്തുള്ള പ്രമേഹ' രോഗത്തെക്കുറിച്ചുള്ള വിശദമായ ഒരു പഠന നിർദ്ദേശം സമർപ്പിക്കുകയും അത് അംഗീകരിക്കപ്പെടുകയും ഉണ്ടായിട്ടുണ്ട്. ഇതേ പദ്ധതിയിൻ കീഴിൽ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും ആവിഷ്ക്കരിച്ചു വരുന്നു.

(ബി) കേന്ദ്രസഹായം ലഭിക്കുന്നതിനായി ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം അഭ്യർത്ഥിച്ച്, ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തും അയച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ 18.33 ഏക്കർ സ്ഥലം സൗജന്യമായി നൽകിയതിനുപുറമേ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ ഗ്രാന്റായി ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്. വേൾഡ്-ഇന്ത്യാ ഡയബറ്റീസ് ഫൗണ്ടേഷൻ 46.89 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭ്യമാക്കിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

സസ്പെൻഷനിലുള്ള വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും

73 [1802] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ സസ്പെൻഷനിലുള്ള വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും എത്രയുണ്ട്;

(ബി) പ്രസ്തുത ഉദ്യോഗസ്ഥന്മാരിൽ എത്രപേരെ സർവ്വീസിൽ തിരിച്ചെടുത്തു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8 വില്ലേജ് ഓഫീസർമാർ ഇപ്പോൾ സസ്പെൻഷനിലുണ്ട്. തഹസീൽദാർമാർ ആരുംതന്നെ ഇപ്പോൾ സസ്പെൻഷനിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേരത്തെ സസ്പെൻഡ് ചെയ്യപ്പെട്ടിരുന്ന 122 വില്ലേജ് ഓഫീസർമാരെയും 22 തഹസീൽദാർമാരെയും തിരിച്ചെടുത്തിട്ടുണ്ട്.

ആധാരത്തിന്റെ പഴക്കം കണക്കിലെടുക്കാതെ വസ്തു പേരിൽ കൂട്ടുന്നതിന് തഹസീൽദാർമാർക്ക് അധികാരം നൽകുവാൻ നടപടി

74 [1805] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീസർവ്വെ പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഉള്ള പ്രമാണങ്ങൾ പേരിൽ കൂട്ടുന്നതിന് റീസർവ്വെ ആഫീസിനെ സമീപിക്കേണ്ടി വരുന്നതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആധാരത്തിന്റെ പഴക്കം കണക്കിലെടുക്കാതെ വസ്തു പേരിൽ കൂട്ടുന്നതിന് തഹസീൽദാർമാർക്ക് അധികാരം നൽകുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

ഗവൺമെന്റ് പുറമ്പോക്ക് ഭൂമിയിൽനിന്ന് അനധികൃതമായ പാറപൊട്ടിക്കൽ

75 [1806] *ശ്രീ. സി. പി. മുഹമ്മദ്:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:*

„ *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലകളിൽ ഗവൺമെന്റ് പുറംപോക്ക് ഭൂമിയിൽനിന്ന് അനധികൃതമായി പാറപൊട്ടിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly